യി നടപ്പിൽ വരുത്തുകയെന്നതും. മാർദവം എപ്പോൾ, ദാർഢ്യം എപ്പോൾ എന്നു തീരുമാനിക്കുന്നതിലാണ് ഭരണനേതാക്കളുടെ രാഷ്ട്ര തന്ത്രജ്ഞതയുടെ പരീക്ഷണം. അമേരിക്കൻ ഐക്യനാടുകളിൽ അടിമ ത്തം അവസാനിപ്പിക്കുകയെന്ന പ്രശ്നത്തിൽ ഒരു ആഭ്യന്തരയുദ്ധത്തി ലേർപ്പെടാൻ അബ്രഹാം ലിങ്കൺ മടിച്ചില്ല. ദൃഢനിശ്ചയമുണ്ടെങ്കിൽ സമാധാനപരമായിത്തന്നെ പരിഹാരം കാണാൻ പ്രയാസമില്ലാത്ത ലഘുപ്രശ്നങ്ങൾ, യഥാകാലം നടപടികൾ കൈക്കൊള്ളാത്തതു നിമി ത്തം വിനാശകരമായ ആഭ്യന്തരയുദ്ധങ്ങളിലേക്കു നയിച്ചതിന്റെ ഉദാഹ രണങ്ങളും ചരിത്രത്തിൽ വിരളങ്ങളല്ല. നിർഭാഗ്യവശാൽ ഇന്ത്യയിൽ സംഭവങ്ങൾ ആ വഴിക്കാണു നീങ്ങുന്നതെന്നു തോന്നുന്നു. അങ്ങനെ വരാതിരിക്കട്ടെ!

ഇന്ത്യയുടെ ഭൗതികപുരോഗതിയും, ഇന്ത്യൻ പൗരന്മാരുടെ സമാധാ നപരമായ നിലനിൽപും സെക്യുലറിസത്തെ ആശ്രയിച്ചു നിലനിൽ ക്കുന്നു. സെക്യുലറിസം ഭരണഘടനയിൽ എഴുതിവച്ചാൽ മാത്രം പോരാ, നിയമങ്ങളിലൂടെ അതിനു പ്രവൃത്തിക്ഷമമായ രൂപം നൽകുകയും പ്രവർ ത്തനത്തിലൂടെ അതു മൂർത്തമായി നടപ്പിൽ വരുത്തുകയുംവേണം. സെ ക്യുലറിസം എന്നതിനു് അർത്ഥം നമ്മുടെ പഴയ സംസ്കാരത്തെ അവ ഗണിക്കണമെന്നല്ല. മറിച്ച് സാമ്പത്തികവും രാഷ്ട്രീയവുമായ ആധുനി കീകരണത്തിനു് ഇന്ത്യയിലെ ജനകോടികൾ തയ്യാറാവണമെങ്കിൽ, അതിനു മുമ്പു മാനസികമായ ആധുനികീകരണം അവരിൽ ഉണ്ടാകേണ്ട തുണ്ട്. ഈ മാനസിക–ആധുനികീകരണത്തിനുള്ള ഊർജത്തിൽ വലിയ പങ്ക് നമ്മുടെ പഴയ സംസ്കാരത്തിന്റെ നല്ല വശങ്ങളിൽനിന്നു് ആർ ജിക്കേണ്ടിയിരിക്കുന്നു.

(18 ഫെബ്രുവരി, 1984)

# 34. ഏകാത്മതായജ്ഞം

ഇന്ത്യയ്ക്കു് അകത്തും പുറത്തുമുള്ള ഹിന്ദുക്കൾക്കിടയിൽ മതബോധവും ഐക്യഭാവനയും വളർത്തുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട മത സംഘടനയാണ് 'വിശ്വഹിന്ദുപരിഷത്ത്'. കേരളീയർക്കു സുപരി ചിതനായ സ്വാമി ചിന്മയാനന്ദജി ആണ് ഈ പരിഷത്തിന്റെ ഒന്നാ മത്തെ പ്രസിഡണ്ട്. ഇപ്പോഴത്തെ അതിന്റെ പ്രസിഡണ്ട് മേവാറി ലെ മഹാറാണാ ഭഗവത്സിംഗ് ആണ്.

മതത്തിന്റെ പേരിൽ പാക്കിസ്ഥാൻ (ബംഗ്ളാദേശ് ഉൾപ്പെടെ) പിരിഞ്ഞുപോയശേഷം അവശേഷിച്ച ഇന്ത്യയുടെതന്നെ ഐക്യവും അഖണ്ഡതയും നിരന്തരഭീഷണികൾക്കു വിധേയമായിക്കൊണ്ടിരിക്കയാ ണല്ലോ. ഈ പശ്ചാത്തലത്തിൽ, ഇന്ത്യയുടെ അഖണ്ഡതയിൽ ഊന്നുന്ന തിനും, ഒന്നിനൊന്നു വിരുദ്ധമായ ആചാരങ്ങൾകൊണ്ടും വിചാരങ്ങൾ കൊണ്ടും ചിന്നിച്ചിതറിയ ഹിന്ദുക്കൾക്കിടയിൽ ഐക്യബോധം ഉദ്ദീ പിപ്പിക്കുന്നതിനും വിശ്വഹിന്ദുപരിഷത്ത് ആസൂത്രണം ചെയ്ത പരി പാടിയാണ് 'ഏകാത്മതായജ്ഞം'.

വാസ്തവത്തിൽ ഇതൊരു തീർത്ഥയാത്രയാണ്. മൂന്നു തീർത്ഥയാത്ര കളാണ് എന്നും പറയാം. ഇന്ത്യയുടെ തെക്കേ അററംമുതൽ വടക്കേ അററം വരെയും കിഴക്കേ അററംമുതൽ പടിഞ്ഞാറേ അററംവരെയും ഉള്ള ഈ തീർത്ഥയാത്രകളിലൊന്നു് നേപ്പാളിലെ കാഠ്മാണ്ഡുനഗരത്തിൽ ആരം

ഭിച്ച് തമിഴ്നാട്ടിലെ രാമേശ്വരത്തിൽ അവസാനിക്കുന്നു. മററൊരു യാത്ര, ഉത്തർപ്രദേശിൽ ഹിമാലയതാഴ്വരയിലെ ഹരിദ്വാരത്തിൽ നിന്നു പുറപ്പെട്ട് തമിഴ്നാട്ടിലെ കന്യാകുമാരിയിൽ സമാപിക്കുന്നു.

മൂന്നാമത്തെ യാത്ര, പടിഞ്ഞാറേ ബംഗാളിൽ ഹൂഗ്ലീനദി ബംഗാൾ ഉൾക്കടലിൽ ചേരുന്ന സ്ഥലത്തുള്ള ഗംഗാസാഗർ ദ്വീപിൽനിന്നു തുടങ്ങി, ഗുജറാത്തിലുള്ള ദ്വാരകയിൽ ചെന്നുചേരുന്നു. മോട്ടോർ വാഹനങ്ങളിൽ ഘടിപ്പിച്ച ഭാരതമാതാവിൻെറ വലിയ സാങ്കല്പികചിത്രങ്ങളും, നദീജലം നിറച്ച ബൃഹത്തായ ചെമ്പുകടങ്ങളും എഴുന്നള്ളിച്ചുകൊണ്ടുള്ളവയാണ് ഈ യാത്രകൾ. നേപ്പാളിൽനിന്നുള്ള യാത്ര ഒക്ടോബറിൽ ആരംഭിച്ചു. ഹരിദ്വാരത്തിൽനിന്നും ഗംഗാസാഗറിൽനിന്നുമുള്ള യാത്രകൾ നവംബർ 15—ാം തീയതിയും. നേപ്പാളിൽനിന്നുള്ള ചെമ്പുകുടത്തിൽ നിറച്ചിട്ടുള്ളതു ഗംഗയുടെ കൈവഴിയായ ഗണ്ഡക്നദിയിലെ ജലമാണ്. മററു സ്ഥലങ്ങളിൽനിന്നുള്ള കുടങ്ങളിൽ ഗംഗാജലം നിറച്ചിരിക്കുന്നു. വഴി നീളെ പല പ്രദേശങ്ങളിൽനിന്നുമുള്ള ചെറുയാത്രകൾ ഈ മൂന്നു മഹായാത്രകളുമായി ഒത്തുചേരും. തങ്ങളുടെ പ്രദേശങ്ങളിലുള്ള മുഖ്യ നദികളിലെ ജലം ഈ ചെറുയാത്രക്കാർ എഴുന്നള്ളിച്ചുകൊണ്ടുവരും. അവർ അതു മുഖ്യ യാത്രകളിലെ ജലകുംഭങ്ങളിലൊഴിക്കുകയും, അവയിൽനിന്ന് അത്രയും ജലം മുക്കിയെടുത്തു തിരികെ കൊണ്ടുപോയി അതാതു നദികളിലൊഴിക്കുകയുംചെയ്യും. അങ്ങനെ ഇന്ത്യയിലെ എല്ലാ നദികളിലെയും ജലം ഒന്നിക്കുന്നതു്, ഇന്ത്യൻ ജനതയുടെ ആത്മീയമായ ഐക്യത്തിൻെറ പ്രതീകമായി കരുതപ്പെടും. നദീജലങ്ങളുടെ ഈ ഐക്യം, ഹിന്ദുമതകർമങ്ങളിൽ ഉപയോഗിക്കുന്ന തീർത്ഥജലത്തെ ശുദ്ധീകരിക്കുന്നതിന് ഉദ്ദേശിച്ച താഴെ ചേർത്ത പഴയ മന്ത്രത്തിൽ എത്രയോ ശതാബ്ദങ്ങൾ മുമ്പുതന്നെ ആവിഷ്കരിക്കപ്പെട്ടതാണ്:

ഗംഗേച, യമുനേ ചൈവ,
ഗോദാവരി, സരസ്വതി,
നർമദേ, സിന്ധു, കാവേരി,
ജലേസ്മിൻ സന്നിധിം കുരു—

ഹരിദ്വാരത്തിൽനിന്നുള്ള യാത്ര നവംബർ 17—ാം തീയതി ഡൽഹിയിലെത്തിയപ്പോൾ, സ്വാഗതം ചെയ്യുന്നതിനു വിപുലമായ ജനക്കൂട്ടം ബോട്ട്ക്ലബ്ബ് മൈതാനത്തിൽ എത്തിച്ചേർന്നിരുന്നു. സ്വാഗതയോഗത്തിൽ നടന്ന പ്രസംഗങ്ങളിലെല്ലാം ഊന്നൽ ഇന്ത്യയുടെ അടിസ്ഥാനപരമായ ഐക്യത്തിലും, സുശക്തമായ രാഷ്ട്രമായി ഇന്ത്യയെ വളർത്തിയെടുക്കേണ്ടതിൻെറ ആവശ്യകതയിലുമായിരുന്നു.

ഓരോ യാത്രാസംഘവും ഒരു ദിവസം നൂറു കിലോമീററോളം സഞ്ചരിക്കും. ഏകദേശം ഇരുപത്തഞ്ചു കിലോമീററർ സഞ്ചരിച്ചുകഴിഞ്ഞാൽ, അതാതിടങ്ങളിൽ, ഡൽഹിയിൽ നടന്നതുപോലുള്ള യോഗങ്ങൾ സംഘടിപ്പിക്കാനും ഏർപ്പാടുചെയ്തിട്ടുണ്ട്. ഇന്ത്യയുടെ ഏതാണ്ടു മദ്ധ്യത്തിലുള്ള നാഗ്പൂരിൽ നവംബർ 29—ാം തീയതി മൂന്നു യാത്രകളും ഒന്നിച്ചുചേരും—ഒരു പുതിയ ത്രിവേണീസംഗമം! കാഠ്മാണ്ഡുവിൽനിന്നുള്ള യാത്ര ഡിസംബർ 16—ാം തീയതി രാമേശ്വരത്തും, ഗംഗാസാഗറിൽനിന്നുള്ള യാത്ര ഡിസംബർ 17—ാം തീയതി ദ്വാരകയിലും ഹരിദ്വാരത്തിൽനിന്നുള്ള യാത്ര ഡിസംബർ 20—ാം തീയതി കന്യാകുമാരിയിലും പര്യവസാനിക്കും.

എന്തുകൊണ്ട് ഈ തീർത്ഥയാത്രയെ 'യജ്ഞം' എന്നു വിളിക്കുന്നു? പൂജ, ഹോമം, ഐക്യം മുതലായ പല അർത്ഥങ്ങളും 'യജ്ഞ'മെന്ന

വാക്കിനുണ്ട്. ഒടുവിൽപ്പറഞ്ഞ അർത്ഥമാണ് ഇവിടെ തങ്ങളുദ്ദേശിക്കുന്നതെന്ന് ഈ യാത്ര സംഘടിപ്പിച്ച വിശ്വഹിന്ദുപരിഷത്തുകാർ പറയുന്നു. മുതിർന്നവരോട് ആദരവും ഇളയവരോട് ഔദാര്യവും പ്രകടിപ്പിക്കുന്നതിനും സമന്മാരുമായി ആശയവിനിമയം നടത്തുന്നതിനുമുള്ള അവസരങ്ങളായിരുന്നു പഴയകാലത്തെ യജ്ഞങ്ങൾ. ഈ യാത്രയുടെ ലക്ഷ്യങ്ങളിലും ഇവ മൂന്നും ഉൾപ്പെടുന്നു എന്ന്, ആ പേർ സൂചിപ്പിക്കുന്നുണ്ടത്രേ. ഹിന്ദുക്കളെ മാത്രം ഉദ്ദേശിച്ചല്ല ഈ തീർത്ഥയാത്രയെന്നും, ഇന്ത്യയിൽ സഹസ്രാബ്ദങ്ങളിലൂടെ വളർന്നുവന്ന സംസ്കാരത്തിലും ആ സംസ്കാരത്തിന്റെ സവിശേഷതയായ ജീവിതദർശനത്തിലും, താല്പര്യമുള്ളവർക്കെല്ലാം ഈ യജ്ഞത്തിൽ പങ്കാളികളാകാമെന്നും വിശ്വഹിന്ദു പരിഷത്ത് പ്രസ്താവിച്ചിട്ടുണ്ട്. കഴിഞ്ഞ ആണ്ടിൽ ഏപ്രിൽ മാസത്തിലാണ് ഈ പരിപാടി ആസൂത്രണം ചെയ്യപ്പെട്ടത്. വിശ്വഹിന്ദു പരിഷത്തിന്റെ മാർഗദർശകമണ്ഡലത്തിൽപ്പെട്ട ധർമാചാര്യന്മാർ കഴിഞ്ഞ മേയ് മാസത്തിൽ ഹരിദ്വാരത്തിൽ സമ്മേളിച്ച് ഈ പരിപാടിക്ക് അംഗീകാരം നൽകി.

സാധാരണനിലയിൽ ഇത്തരമൊരു 'തീർത്ഥാടന'ത്തിന് ഇന്ത്യയിൽ എതിർപ്പുണ്ടാകേണ്ടതില്ല. തീർത്ഥാടനം സംഘടിതമായിത്തന്നെ നടന്നുവരുന്ന നാടാണല്ലോ ഇന്ത്യ. എങ്കിലും ഹിന്ദുവർഗീയവാദികൾ രാഷ്ട്രീയോദ്ദേശ്യങ്ങൾവെച്ചു സംഘടിപ്പിക്കുന്നതാണ് ഈ ഏകാത്മതാ യജ്ഞമെന്ന ആരോപണമുണ്ടായി. ഹിന്ദുക്കളും അഹിന്ദുക്കളും തമ്മിൽ അവിശ്വാസവും വൈരവും വളർത്തുകയാണ് യജ്ഞത്തിന്റെ ലക്ഷ്യമെന്ന് കരുതുന്നവരും കുറവല്ല. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ശക്തിയേറിയ ഭാഷയിൽ യജ്ഞത്തെ ആക്ഷേപിച്ചു. രാജ്യത്തിന്റെ ഐക്യത്തിനും വിഭിന്നമതവിഭാഗങ്ങൾ തമ്മിലുള്ള മൈത്രിക്കും അതൊരു ഭീഷണിയാണെന്നു പ്രസ്താവിക്കുകയുംചെയ്തു. മാർക്സിസ്റ്റ് നേതാവ് ശ്രീ നമ്പൂതിരിപ്പാടും ജനതാപാർട്ടിയിലെ ശ്രീ സൈയദ് ഷഹാബുദ്ദീനും ഈ യജ്ഞത്തെ കർശനമായി വിമർശിച്ചവരിൽപ്പെടുന്നു. ഭൂരിപക്ഷം സംഘടിക്കുന്നതു ന്യൂനപക്ഷത്തിന്റെ താല്പര്യങ്ങൾക്കു ഹാനികരമാവാതെ വയ്യെന്നാണ് ശ്രീ ഷഹാബുദ്ദീന്റെ വാദം. ആർ. എസ്. എസ്സുകാർ രാഷ്ട്രീയോദ്ദേശ്യംവെച്ചു സംഘടിപ്പിക്കുന്നതാണ് യജ്ഞം എന്ന വിശ്വാസമുള്ളവർ കുറവല്ല.

മതഭക്തികൊണ്ടായാലും കൊള്ളാം, വെറും ജിജ്ഞാസകൊണ്ടായാലും കൊള്ളാം, ധാരാളമാളുകൾ ഈ യാത്രകളെ സ്വീകരിക്കാനും, ഇടവേളകളിലുള്ള പ്രസംഗങ്ങൾ കേൾക്കാനുമായി സന്നിഹിതരാകുന്നുണ്ടെന്നാണ് പത്രങ്ങളിലെ റിപ്പോർട്ടുകളിൽ കാണുന്നത്. അത്രയധികം കുപ്രസിദ്ധി ആർജിച്ച മീനാക്ഷിപുരം പരിവർത്തനങ്ങളെത്തുടർന്ന്, ഹിന്ദുമതത്തിന്റെ നില ഭദ്രമല്ലെന്ന വിശ്വാസം ഇന്ത്യയിലെങ്ങും ഉളവായിട്ടുണ്ട്.

മതാടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങൾക്കു സംഘടിക്കാമെങ്കിൽ, എന്തുകൊണ്ടു ഭൂരിപക്ഷത്തിനു മാത്രം അതു പാടില്ല എന്ന ചോദ്യത്തിനു തൃപ്തികരമായ ഉത്തരം ആരും പറഞ്ഞിട്ടുമില്ല. അകത്തും പുറത്തും നിന്നുള്ള ഭീഷണികളും, പൊതുവിൽ നിലവിലുള്ള അസ്വാസ്ഥ്യങ്ങളും, മതത്തിലേക്കുള്ള തിരിച്ചുപോക്കിനു ലോകത്തിലെങ്ങും ആക്കം കൂട്ടിയിട്ടുണ്ട്. ഇന്ത്യയിൽ ഹിന്ദുമതനവീകരണപ്രസ്ഥാനം, വരും വർഷങ്ങളിൽ കൂടുതൽ ശക്തിയാർജിക്കാനാണു സാദ്ധ്യത. ഏകാത്മതായജ്ഞത്തോടു സാധാരണക്കാർക്കുള്ള മനോഭാവം സൂചിപ്പിക്കുന്നത് ഈ വസ്തുതയാണ്.

(20 നവംബർ, 1983)